പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 889 — 29/09/2011 -ൽ മറുപടിക്ക്

## പരീക്ഷാ ഭവനിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ. റഹീം | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) പരീക്ഷാഭവനിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) പരീക്ഷാകമ്മീഷണറുടെ കാര്യാലയത്തിൽ ജനനത്തീയതി വ്യതിയാനം വരുത്തുന്നതിനും, ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും വളരെ കുറച്ച് അപേക്ഷകൾ മാത്രമേ തീർപ്പ് കല്പിക്കാനായി അവശേഷിക്കുന്നുള്ളൂ. 18.06.2011-ലെ ജി.ഒ. (ആർ.റ്റി) നം. 2281/2011/പൊ.വി.വ പ്രകാരം ജനനത്തീയതി വ്യതിയാനം വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കിയിട്ടുണ്ട്. ജനനത്തീയതി വ്യതിയാനം വരുത്തുന്നതിനുള്ള അപേക്ഷകൾ ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെങ്കിലും പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പു കല്പിക്കുന്നതിനുള്ള നടപടികൾ നിലവിലുള്ള സംവിധാനത്തിൽ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |
| (ബി) സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭിക്കാത്തത് കാരണം അപേക്ഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ യഥാസമയം തീർപ്പ് കല്പിച്ചു വരുന്നുണ്ട് . |

| | | | |
|---|---|---|---|
| | ബുക്കിനെ അപേക്ഷ നൽകുന്നവരക്ക എത്ര ദിവസത്തിനകമാണ് സർട്ടിഫി ക്കറ്റുകൾ ലഭ്യമാക്കുന്നത് ; | | ലഭ്യമാകുന്ന പക്ഷം, 2000 വരെ പരീക്ഷ എഴുതിയവരുടെ സർട്ടിഫിക്കറ്റുകൾ പൂർണ്ണമായി നശിച്ചവ പരമാവധി മൂന്നു മാസം കൊണ്ടും 2001 മുതൽ പരീക്ഷ എഴുതിയവരുടെ സർട്ടിഫിക്കറ്റുകൾ പരമാവധി ഒന്നര മാസം കൊണ്ടും ലഭ്യമാക്കുന്നതാണ്. |
| (ഡി) | മുഹമ്മദ് അശ്റഫ് എന്നയാളുടെ സി5/6497/2011, താഹിറ.കെ.ടി എന്നയാളുടെ സി4/31342/2011 എന്നീ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനാ യുള്ള അപേക്ഷകളിന്മേൽ ഇതു വരെയും തീരുമാനമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | തീരുമാനമായിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ അപേക്ഷകർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. |
| (ഇ) | ഇവർക്ക് എന്നത്തേക്ക് സർട്ടിഫിക്കറ്റു കൾ വിതരണം ചെയ്യാൻ സാധിക്കു മെന്ന് വ്യക്തമാക്കാമോ ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ